LIBRARY ARCHIVES Kerala Legislative Assembly

സൗജന്യനിരക്കിൽ കാലിത്തീറ്റ വിതരണം

93 (1672) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ ക്ഷീരകർഷകർക്ക് കാലിത്തീറ്റ സൗജന്യ നിരക്കിൽ നൽകുന്നത് ഏതൊക്കെ ഏജൻസികൾ വഴിയാണെന്ന് വിശദമാക്കുമോ ;

(ബി) കാസർഗോഡ് ജില്ലയിലെ ക്ഷീര കർഷകർക്ക് യഥാസമയം കാലിത്തീറ്റ ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) പ്രവാസി സംഘങ്ങളുടെ കൂട്ടായ്മയിൽ ജില്ലയിൽ പ്രവർത്തിക്കുന്ന കർഷകബന്ധു അഗ്രിടെക് എന്ന സ്ഥാപനം കാലിത്തീറ്റ വിതരണത്തിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഹർജിയിൽ തീരുമാനം എടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) നിലവിൽ കേരളാ ഫീഡ്സ്, മിൽമ എന്നീ സ്ഥാപനങ്ങളിൽ നിന്ന് കാലിത്തീറ്റ വാങ്ങി മൃഗസംരക്ഷണവകുപ്പ് ക്ഷീര വികസനവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതലായ ഏജൻസികൾ മുഖേന സൗജന്യ നിരക്കിൽ ക്ഷീരകർഷകർക്ക് നൽകിവരുന്നു.

(ബി) ചില ഘട്ടങ്ങളിൽ സർക്കാർ പദ്ധതിക്കുള്ള കാലിത്തീറ്റ യഥാസമയം ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പരാതികളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തീറ്റ വിതരണ കമ്പനികളുടെ പ്രതിനിധികളെ വിവരം യഥാസമയം അറിയിക്കുകയും തുടർ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ഡി) സഹകാര്യ മേഖലയിലുള്ള കർഷകബന്ധു അഗ്രിടെക് എന്ന സ്ഥാപനത്തിന്റെ ഹർജി പരിശോധിച്ചുവരുന്നു.

തളിപ്പറമ്പ് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

94 (1675) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ വകുപ്പ് തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;